## പതിനാലാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 160 　　　　 28.01.2019 ൽ മറുപടിക്ക്

### സൈബർ കുറ്റകൃത്യങ്ങൾ

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ.ഡി.കെ. മുരളി | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിക്കുന്നതിന് സർക്കാർ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; വിശദീകരിക്കാമോ; | (എ) നിലവിൽ തിരുവനന്തപുരത്തു പ്രവർത്തിച്ചുവരുന്ന സൈബർ പോലീസ് സ്റ്റേഷനു പുറമേ റെയ്ഞ്ച് അടിസ്ഥാനത്തിൽ എറണാകുളം,തൃശ്ശൂർ,കോഴിക്കോട് എന്നിവിടങ്ങളിൽ 3 സൈബർ ക്രൈം പോലീസ് സ്റ്റേഷനുകൾക്കൂടി തുടങ്ങാൻ അനുമതി നല്കിയിട്ടുണ്ട്.ജില്ലാ സൈബർ സെല്ലുകളും,ഹൈടെക് ക്രൈം എൻക്വയറി സെല്ലും, ടെക്നോപാർക്ക് ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന സൈബർ ഡോമും അന്വേഷണ ഉദ്യോഗസ്ഥർക്ക് സാങ്കേതിക സഹായം നല്കി വരുന്നു. |
| (ബി) | സൈബർ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ട പരാതികൾ ഓൺലൈൻ ആയി നൽകാൻ സംവിധാനമുണ്ടോ; വിശദവിവരങ്ങൾ നൽകാമോ? | (ബി) സൈബർ ക്രൈം പോലീസ് സ്റ്റേഷൻ,ഹൈടെക് ക്രൈം എൻക്വയറി സെൽ എന്നിവിടങ്ങളിൽ യഥാക്രമം cyberps.pol@kerala.gov.in,achitechcell.pol@kerala.gov.in എന്നീ മെയിലുകൾ വഴി പരാതികൾ സ്വീകരിക്കുന്നുണ്ട്. Cyber Crime Prevention against Women & Children പദ്ധതിയുടെ ഭാഗമായി കേന്ദ്ര ആഭ്യന്തരമന്ത്രാലയം വികസിപ്പിച്ചെടുത്ത സൈബർ ക്രൈം പോർട്ടലിൽ ലഭിക്കുന്ന പരാതികൾ കൈകാര്യം ചെയ്യുന്നതിനുള്ള നോഡൽ സൈബർ സെല്ലായി തിരുവനന്തപുരം സൈബർ പോലീസ് സ്റ്റേഷനെ നിയോഗിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ